
## ഏകസത്യ ദൈവമായ അവിടുത്തേയും
## അവിടുന്നയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ
## (യോഹ. 17:3)



### കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു ഹല്ലേലൂയ്യാ

### ഉയിർപ്പ് തിരുനാൾ 2020

JOSE PORUNNEDOM
BISHOP OF MANANTHAVADY

Prot. No.22999/2020
Circular No.13/2020

കർത്താവിൽ പ്രിയപ്പെട്ടവരേ,

നമ്മൾ വിശുദ്ധ വാരത്തിലാണല്ലൊ. നാലു നാൾക്കുള്ളിൽ നാം ഉയിർപ്പു തിരുനാളും ആഘോഷിക്കും. ഏതാണ്ട് രണ്ടഴ്ചയോളമായി, നമ്മുടെ വീടുകൾ ദൈവാലയങ്ങളായിരിക്കുന്നു. നമ്മുടെ കുടുംബാംഗങ്ങൾ ആ ദൈവാലയത്തിലെ വിശ്വാസിസമൂഹവും. കുടുംബനാഥനും നാഥയും കാർമ്മികനും കാർമ്മികയും വിശ്വാസപരിശീലകരും ആയിരിക്കുന്നു. അപ്പോൾ ബലി വസ്തു? അതും നമ്മൾ തന്നെ. നമ്മളാകുന്ന സഭ കർത്താവിന്റെ മൗതികശരീരമാണ്. അവിടുന്ന് ശിരസ്സായിട്ടുള്ള ശരീരം. അന്ത്യത്താഴത്തിൽ മുറിച്ചു കൊടുക്കപ്പെട്ട അപ്പം അവിടുത്തെ ശരീരമായിരുന്നു. ഇന്നും ആ ശരീരം തന്നെ മുറിച്ച് കൊടുക്കപ്പെടണം. *എന്റെ നാമത്തിൽ നിങ്ങൾ ഒരുമിച്ച് കൂടുമ്പോഴെല്ലാം ഇത് ചെയ്യുവിൻ* എന്നാണല്ലോ

അവിടുന്ന് നമ്മളോട് കല്പിച്ചത്. ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന കുഞ്ഞാടായി നമ്മൾ മാറണം.

ഇത്തരുണത്തിൽ ഒരു പ്രായോഗിക നിർദ്ദേശം നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്. ഈ വിശുദ്ധവാരത്തിൽ നിങ്ങൾക്ക് പരിചയമുള്ള നിർധനരായ ആർക്കെങ്കിലും നിങ്ങളാൽ കഴിയുന്ന ഒരു സംഖ്യ ഈസ്റ്റർ സമ്മാനമായി നിങ്ങളുടെ ജീവിതം മുറിച്ച് കൊടുക്കുന്നതിന്റെ പ്രതീകമായി കൊടുക്കാമോ? അപ്പം മുറിക്കലിന്റെ പ്രായോഗികതലമായിരിക്കും അത്

അതോടൊപ്പം മറ്റൊരു നിർദ്ദേശം കൂടി മുമ്പോട്ട് വയ്ക്കട്ടെ. അതൊരു വിചിത്ര നിർദ്ദേശമായി നിങ്ങൾക്ക് തോന്നാം. എങ്കിലും എനിക്ക് വേണ്ടി ചെയ്യുമല്ലൊ. ഈസ്റ്റർ സമ്മാനം കൊടുക്കുക മാത്രമല്ല. നമ്മുടെ സർക്കാരുകൾ പ്രോൽസാഹിപ്പിക്കുന്ന ഡിജിറ്റൽ രൂപത്തിൽ അത് കൈമാറ്റം ചെയ്യപ്പെടണം. അതായത് നോട്ടുകളായി കൊടുക്കാതെ നിങ്ങളുടെ മൊബൈൽ ഫോണിൽ നിന്ന് കൈമാറണം. സംഭാവന കൊടുത്താൽ പോരെ, എന്തിനാണ് ഇത്ര കഷ്ടപ്പെട്ട് ഇങ്ങനെ കൊടുക്കുന്നത് എന്ന് നിങ്ങൾ ഉള്ളിൽ ചോദിച്ചേക്കാം. കൊറോണാ വൈറസ് പരത്തുന്നതിൽ നോട്ടുകൾക്കുള്ള പങ്ക് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം. നോട്ടു കൂടാതെയുള്ള പണം കൈമാറ്റം നമ്മുടെ ജീവിതത്തിന്റെ സാധാരണ ഭാഗമായി തുടങ്ങി. അതിനിയും കൂടി വരുകയേയുള്ളു. വലിയ കാലതാമസം കൂടാതെ അത് നിർബന്ധമാക്കപ്പെട്ടെന്നും വരാം. അപ്പോൾ നമ്മൾ ഒരുക്കമുള്ളവരായിരിക്കണം. ഇത്തരം കാര്യങ്ങൾ പഠിക്കാൻ ഇനിയും ഒരു പ്രതിസന്ധി വരെ കാത്തിരിക്കേണ്ടതില്ല. അറിഞ്ഞു കൂടാത്തവരെ ഇക്കാര്യം പരിചയപ്പെടുത്താൻ കൂടിയാണ് നിർദ്ദേശിക്കുന്നത്. സഹകരിക്കുമല്ലൊ.

വളരെ ലളിതമാണ് കാര്യം. ഒരു സ്മാർട്ട് ഫോൺ, അതിലിട്ടിരിക്കുന്ന സിം കാർഡിന്റെ നമ്പറുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു ബാങ്ക് അക്കൗണ്ട്, ആ അക്കൗണ്ടുമായി ബന്ധിപ്പിച്ച ഒരു ഡെബിറ്റ് കാർഡ് ഇത്രയും ഉണ്ടെങ്കിൽ കാര്യം നടക്കും. കിട്ടുന്നയാൾക്കും ഇതെല്ലാം ഉണ്ടെങ്കിൽ ഏറ്റവും നല്ലത്. ചുരുങ്ങിയത് ഒരു ബാങ്ക് അക്കൗണ്ട് എങ്കിലും വേണം. കാരണം അക്കൗണ്ടിലേക്കാണ് പണം അയക്കേണ്ടത്.

ആദ്യമായി ഇരുകൂട്ടരും അവരവരുടെ സ്മാർട്ട് ഫോണുകളിൽ കേന്ദ്ര സർക്കാർ സൗജന്യമായി ല്ഭ്യമാക്കിയിട്ടുള്ള ഭീം BHIM എന്ന മൊബൈൽ ആപ് ഇൻസ്റ്റാൾ ചെയ്യണം. എന്നിട്ട് അതുപയോഗിച്ച് സംഭാവന കൈമാറ്റം ചെയ്യണം. ആ തുക നേരിട്ട് പ്രത്യേക ഒരു ചാർജ്ജും കൂടാതെ നിങ്ങൾ ഉദ്ദേശിക്കുന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ ചെന്നിരിക്കും. ഈ മൊബൈൽ ആപ്പ് കൂടാതെ പേ ടി എം,

ഗൂഗിൾ പേ തുടങ്ങിയ സ്വകാര്യ കമ്പനികളുടെ വാലറ്റുകൾ ഉപയോഗിച്ചും ഇതുപോലെ പണം കൈമാറ്റം ചെയ്യാം. അവയുടെ മൊബൈൽ ആപ്പും നിങ്ങൾക്ക് പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യാം. അല്ലെങ്കിൽ നിങ്ങളുടെ ബാങ്ക് ലഭ്യമാക്കുന്ന ആപ്പും ഉപയോഗിക്കാം. നിങ്ങളുടെ വീടുകളിൽ ഇതെല്ലാം ചെയ്യാൻ നന്നായി അറിയുന്ന യുവതീയുവാക്കളും കുട്ടികളും ഉണ്ടാകും. നിങ്ങളിൽ പലരും ഈ രീതിയിൽ പണം കൈമാറ്റം ചെയ്യുന്നവരും ആകും.

ഇതൊന്നും ചെയ്യാൻ പറ്റാത്തവരും കൊടുക്കാനുദ്ദേശിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഒരു തുക സംഭാവന കൊടുക്കുന്നത് ഉചിതമാണ്. അതിനായി പരിചയമുള്ളവരുടെ സഹായം തേടാം. പള്ളിയും സമർപ്പിതഭവനങ്ങളും എല്ലാം ഇതുപോലെ ചെയ്യാനായി അഭ്യർത്ഥിക്കുന്നു. ഇതിലൂടെ നമ്മൾ ഒരു പരസ്നേഹപ്രവൃത്തി ചെയ്യുന്നതോടൊപ്പം നമ്മുടെ സർക്കാരുകളോട് സഹകരിക്കുകയും ചെയ്യുന്നു. കൈകൊട്ടാനും വിളക്ക് തെളിക്കാനും മറ്റും നമ്മുടെ പ്രധാനമന്ത്രി അഭ്യർത്ഥിച്ചപ്പോൾ നമ്മൾ സഹകരിച്ചതുപോലെ തന്നെ. പലരെ സംബന്ധിച്ചും അവയും വിചിത്രമായ ആശയങ്ങൾ തന്നെയായിരുന്നു. എങ്കിലും ഭൂരി ഭാഗം പേരും സഹകരിച്ചു.

രണ്ടാമതൊരു കാര്യം കൂടി നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഈ വർഷം നമുക്ക് നമ്മുടെ ദൈവാലയങ്ങളിൽ പോയി ഉയിർപ്പ് തിരുനാൾ കർമ്മങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല. എങ്കിലും കർത്താവിന്റെ ഉയിർപ്പിൽ നമുക്കുള്ള വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ട് ഒരു പോസ്റ്റർ തയ്യാറാക്കി ഉയിർപ്പ് ഞായറാഴ്ച രാവിലെ നിങ്ങളുടെ വീടുകളുടെ മുൻ വശത്ത് എവിടെയെങ്കിലും ഒട്ടിക്കാമോ? കുട്ടികൾക്ക് തീർച്ചയായിട്ടും ഇഷ്ടമുള്ള കാര്യമായിരിക്കും. പോസ്റ്ററിന്റെ മാതൃക സമൂഹമാദ്ധ്യമങ്ങളിലൂടെ നിങ്ങൾക്ക് ലഭ്യമാക്കും. വേണ്ടവർക്ക് അതുപയോഗിക്കാം. അല്ലാത്തവർക്ക് കൈകൊണ്ട് എഴുതി ഒട്ടിക്കാം. ഈ സർക്കുലറിന്റെ ആദ്യഭാഗത്ത് കൊടുത്തിരിക്കുന്ന വാചകങ്ങളാണ് പോസ്റ്ററിൽ എഴുതേണ്ടത്.

ഒരു ചെറിയ കാര്യം കൂടി നിങ്ങളോട് ആവശ്യപ്പെടുന്നത് ശല്യമാകുകയില്ല എന്ന് വിശ്വസിക്കുന്നു. ഈശോ സ്വയം പരിചയപ്പെടുത്തുന്നത് ലോകത്തിന്റെ പ്രകാശമായിട്ടാണല്ലോ. ജ്ഞാനസ്നാന സമയത്ത് എല്ലാവർക്കും കത്തിച്ച തിരി കിട്ടിയത് ഓർക്കുന്നുണ്ടാകും. കർത്താവിനോടു കൂടെ ഉയിർത്തവർ അവിടുത്തെ പ്രകാശത്തിൽ ജീവിക്കണം എന്നതിന്റെ പ്രതീകമായിരുന്നു അത്. ഉയിർത്തെഴുന്നേറ്റ ഈശോയുടെ പ്രതീകമായി നമ്മുടെ എല്ലാ വീടുകളുടെയും മുറ്റത്ത് ഉയിർപ്പ് ഞായറാഴ്ച രാത്രി 8 മണി മുതൽ 9 മണി വരെ ഏതാനും മെഴുകുതിരികൾ കത്തിച്ച് വക്കുന്നത് നന്നായിരിക്കും. മെഴുകുതിരി ഇല്ലാത്തവർക്ക് എണ്ണ വിളക്ക് തെളിയിക്കാം.

അതുമില്ലാത്തവർ ഏതെങ്കിലും വിധത്തിലുള്ള ഒരു ഇലക്ട്രിക്ക് ലൈറ്റ് എങ്കിലും തെളിയിക്കുന്നത് ഉചിതമാണ്. അതിനും ബുദ്ധിമുട്ടുള്ളവർ ഉണ്ടെങ്കിൽ ഏതാനും ചുള്ളിക്കമ്പുകൾ കൂട്ടിയിട്ട് കത്തിച്ചാലും മതി. പറ്റുന്നവരെല്ലാം ചെയ്യണേ.

നിങ്ങൾക്കെല്ലാവർക്കും മുൻ കൂട്ടി നന്ദി പറയുന്നു. ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുകയും ഉയിർത്തെഴുന്നേറ്റ കർത്താവ് തരുന്ന സമാധാനം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവ് നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കര്യാലയത്തിൽ നിന്ന് 2020 ഏപ്രിൽ മാസം 7 ന് നല്കപ്പെട്ടത്.

യേശുവിൽ,

ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ